<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1942</u> | <u>11-10-2024 - ൽ മറുപടിയ്ക്ക്</u>

<u>മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത സ്ഥാപനങ്ങളുടെ അടിസ്ഥാന വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്രയെന്നും വിശദമാക്കുമോ; | (എ) | വാമനപുരം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു<br><br>1.വെറ്ററിനറി ഹോസ്പിറ്റൽ, വാമനപുരം<br><br>2.വെറ്ററിനറി ഹോസ്പിറ്റൽ, മിതൃമ്മല<br><br>3.വെറ്ററിനറി ഡിസ്പെൻസറി, ആനാട്<br><br>4.വെറ്ററിനറി ഡിസ്പെൻസറി, ആട്ടുകാൽ<br><br>5.വെറ്ററിനറി ഡിസ്പെൻസറി, കളമച്ചൽ<br><br>6.വെറ്ററിനറി ഡിസ്പെൻസറി, പാലോട്<br><br>7.വെറ്ററിനറി ഡിസ്പെൻസറി, പെരിങ്ങമല<br><br>8.വെറ്ററിനറി ഡിസ്പെൻസറി, പാങ്ങോട്<br><br>9.വെറ്ററിനറി ഡിസ്പെൻസറി, പുല്ലമ്പാറ<br><br>10.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളോജിക്കൽസ്, പാലോട്<br><br>ഈ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നടത്തിയ അടിസ്ഥാന വികസനത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1.വെറ്ററിനറി ഹോസ്പിറ്റൽ, വാമനപുരം**<br><br>നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 3,50,000/- രൂപ ചെലവഴിച്ച് ആശുപത്രിയുടെ |

പെയിന്റിംഗ്, വയറിംഗ്, പ്ലംബിംഗ് വർക്കുകൾ ചെയ്തിട്ടുണ്ട്.

MLA യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 3ഫാൻ, 1 ട്യൂബ് ലൈറ്റ് എന്നിവ വാങ്ങി നൽകി.

**2. വെറ്ററിനറി ഹോസ്പിറ്റൽ, മിതൃമ്മല -** തുകയൊന്നും ലഭിച്ചിട്ടില്ല

**3.വെറ്ററിനറി ഡിസ്പെൻസറി, ആനാട്**

2023-24 സാമ്പത്തിക വർഷത്തിൽ 49,998/ രൂപയ്ക്ക് ഫർണിച്ചറുകൾ വാങ്ങി നൽകി.

**4.വെറ്ററിനറി ഡിസ്പെൻസറി, ആട്ടുകാൽ**

2021-22 സാമ്പത്തിക വർഷത്തിൽ ചുറ്റമതിൽ നിർമ്മാണത്തിനായി ഡിപ്പാർട്ട്മെന് ഫണ്ടിൽ നിന്നും 12,00,000/- രൂപ വിനിയോഗിച്ചു.

2022-23 സാമ്പത്തിക വർഷത്തിൽ ഡിസ്പെൻസറി കെട്ടിടത്തിന്റെ പരിപാലനത്തിനായി 7,60,000/- രൂപ വിനിയോഗിച്ചു.

2023-24 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്ന് 80,000/- രൂപയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങി നൽകി

**5.വെറ്ററിനറി ഡിസ്പെൻസറി, കളമച്ചൽ -** തുകയൊന്നും ലഭിച്ചിട്ടില്ല

**6.വെറ്ററിനറി ഡിസ്പെൻസറി, പാലോട്**

2021-22 സാമ്പത്തിക വർഷത്തിൽ 20,000/- രൂപയ്ക്ക് ഇൻവെർട്ടറും 50,000/- രൂപയ്ക്ക് ലാപ്ടോപ്പും വാങ്ങി നൽകി.

**7.വെറ്ററിനറി ഡിസ്പെൻസറി, പെരിങ്ങമല -** തുകയൊന്നും ലഭിച്ചിട്ടില്ല

**8.വെറ്ററിനറി ഡിസ്പെൻസറി, പാങ്ങോട് -** തുകയൊന്നും ലഭിച്ചിട്ടില്ല

9.**വെറ്ററിനറി ഡിസ്പെൻസറി, പുല്ലമ്പാറ -** തുകയൊന്നും ലഭിച്ചിട്ടില്ല

**10 .ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളോജിക്കൽസ്,**

| | | | |
|---|---|---|---|
| | | | **പാലോട്** - തുകയൊന്നും ലഭിച്ചിട്ടില്ല |
| (ബി) | പ്രസ്തുത വകുപ്പിന് കീഴിൽ പാലോട് പ്രവർത്തിക്കുന്ന സിയാദ് (സ്റ്റേറ്റ് ഇൻസ്റ്റിറ്റൂട്ട് ഫോർ അനിമൽ ഡീസീസസ്) എന്ന സ്ഥാപനത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ? | (ബി) | തിരുവനന്തപുരം ജില്ലയിലെ പാലോട് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (SIAD) എന്ന സ്ഥാപനം മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാന തല റഫറൽ ഡയഗ്നോസ്റ്റിക് ലബോറട്ടറിയാണ്. കന്നുകാലികളെയും പക്ഷികളെയും ബാധിക്കുന്ന വിവിധ തരം അസുഖങ്ങളുടെ രോഗ നിർണ്ണയ കേന്ദ്രമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ISO 17015 അംഗീകാരം നേടിയിട്ടുണ്ട്. നേരത്തേ ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് എന്ന പേരിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനത്തിന്റെ പേര് 31-01-2018 തീയതിയിൽ സ.ഉ(സാധാ)നമ്പർ. 54/2018/ എ.എച്ച്.ഡി പ്രകാരം സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് എന്ന പേരിൽ പുനർനാമകരണം ചെയ്യപ്പെട്ടു. ഏറ്റവും മികച്ചതും നൂതനവുമായ രോഗ നിർണ്ണയ സംവിധാനങ്ങൾ ഈ സ്ഥാപനത്തിൽ ഉപയോഗപ്പെടുത്തുന്നു. ബയോ സുരക്ഷാ ലെവൽ II ലബോറട്ടറി നിലവിലുള്ള ഈ സ്ഥാപനത്തിൽ പക്ഷികളെയും മൃഗങ്ങളെയും ബാധിക്കുന്ന ഒട്ടുമിക്ക രോഗങ്ങളുടെയും ജന്തുജന്യ അസുഖങ്ങളായ റാബീസ്, എലിപ്പനി, ബ്രൂസെല്ലോസിസ്, ആന്ത്രാക്സ്, പക്ഷിപ്പനി, ക്ഷയം എന്നിവയുടെയും രോഗ നിർണയവും നടത്തുന്നുണ്ട്. ആട്ടവസന്തരോഗം, ക്ലാസിക്കൽ സ്വൈൻ ഫീവർ, ജപ്പാൻ ജ്വരം, എഫ്.എം.ഡി., പാരക്ഷയം, ചർമ്മമുഴ, എലിഫൻറ് ഹെർപ്പിസ്, സി.സി.പി.പി, എന്നിവയുടേയും എല്ലാവിധ ബാഹ്യ/ആന്തര പരാദ രോഗങ്ങളും നിർണ്ണയിക്കപ്പെടുന്നു. പേവിഷബാധ നിർണയത്തിനുള്ള ഫ്ളൂറസെന്റ് ആന്റിബോഡി ടെസ്റ്റിന് (FAT) NABL അംഗീകാരം നേടിയ കേരളത്തിലെ ആദ്യ സ്ഥാപനമാണ് സിയാഡ്. അതുപോലെ ആനകളിലെ ഹെർപ്പിസ് വൈറസ് ബാധ റിയൽ ടൈം പി.സി.ആർ വഴി നിർണ്ണയിക്കുന്നതിന് NABL അംഗീകാരം ലഭിച്ച ഇന്ത്യയിലെ തന്നെ ആദ്യ സ്ഥാപനമായി 2018-ൽ സിയാഡ് മാറി. NABL അംഗീകാരം നേടിയ പാരസൈറ്റോളജി വിഭാഗവും പ്രവർത്തിക്കുന്നു.<br><br>സിയാഡ് - ൽ ആൻറി ബയോട്ടിക് സെൻസിറ്റിവിറ്റി ടെസ്റ്റുകളും നടത്തിവരുന്നു. റാബീസ് പ്രതിരോധ കുത്തിവയ്പ്പ് നടത്തപ്പെട്ടവർക്ക് ആവശ്യമായ രോഗ പ്രതിരോധ ശേഷി കൈവരിച്ചിട്ടുണ്ടോ എന്നറിയുന്നതിനുള്ള RFFI ടെസ്റ്റുകളും നടത്തിവരുന്നു. അതോടൊപ്പം 50ൽ പരം വാലിഡേറ്റഡ് ടെസ്റ്റുകൾ, കൺവെൻഷണൽ, റിയൽ ടൈം PCR, എന്നിവയും ചെയ്യുന്നു. |

ആൾ ഇന്ത്യ കോ-ഓർഡിനേറ്റഡ് പ്രോജക്ടുകളുടെ കേരളത്തിലെ പ്രവർത്തന കേന്ദ്രമായും ദക്ഷിണേന്ത്യയിലെ റീജിയണൽ ഡിസീസ് ഡയഗണോസ്റ്റിക് ലബോറട്ടറികളുടെ കേരളത്തിലെ നോഡൽ ഏജൻസി ആയും പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് എന്ന സ്ഥാപനം ദേശീയവും അന്തർദേശീയവുമായ മറ്റ് പ്രധാനപ്പെട്ട ലബോറട്ടറികളുമായും ഗവേഷണ സ്ഥാപനങ്ങളുമായും സഹകരിച്ച് വിവിധ തരം ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. രോഗനിർണയ രംഗത്തും അനുബന്ധ പ്രവർത്തനങ്ങളിലും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് കൈവരിച്ച മികച്ച നേട്ടങ്ങളെ വിവിധ കാലഘട്ടങ്ങളിൽ സംസ്ഥാന സർക്കാരും, കേന്ദ്ര സർക്കാരും പ്രത്യേകം അനുമോദിച്ചിട്ടുണ്ട്.

1982 - ൽ പാലോടിലേയ്ക്ക് മാറ്റി സ്ഥാപിച്ച ഈ സ്ഥാപനം വകുപ്പിലെ മറ്റ് ലബോറട്ടറികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നു. പക്ഷി മൃഗാദികളിൽ പടരുന്ന സാംക്രമിക രോഗങ്ങളെയും, മാരകമായ ജന്തുജന്യ രോഗങ്ങളെയും കൂടുതൽ വേഗത്തിലും കൃത്യതയിലും രോഗ നിർണയം നടത്തി നിയന്ത്രണ മാർഗ്ഗങ്ങൾ നിർദേശിക്കുന്നതിന് ഈ ലബോറട്ടറിയുടെ സംവിധാനങ്ങൾ ഉപകരിച്ച് വരുന്നു. റാബീസ്, പക്ഷിപ്പനി തുടങ്ങിയ ജന്തുജന്യ രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്ന സമയത്ത് അടിയന്തിര സഹായം നൽകുക, വെറ്ററിനേറിയൻസ്, ബിരുദ-ബിരുദാനന്തര വിദ്യാർഥികൾ മുതലായവർക്ക് പരിശീലനവും ഗവേഷണ പ്രബന്ധങ്ങൾ തയാറാക്കുന്നതിനുള്ള സഹായവും ഈ സ്ഥാപനത്തിൽ നിന്നും നൽകുന്നു.

ഇത് കൂടാതെ ദേശീയ തലത്തിലുള്ള മൃഗരോഗാന്വേഷണങ്ങളിൽ (പക്ഷിപ്പനി, ഭ്രാന്തിപ്പശു രോഗം മുതലായവ) സംസ്ഥാന തല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സാമ്പിളുകൾ ശേഖരിച്ച് ദേശീയ തലത്തിലുള്ള ലാബുകളിലേയ്ക്ക് എത്തിച്ച് കൊടുക്കുകയും ചെയ്യുന്നു. ഐ.സി.ആർ - ന്റെ മൃഗസംരക്ഷണ മേഖലയിലെ പ്രധാന പ്രൊജക്ടുകളായ PD-ADMAS, PD-FMD - യുടെയും കൊളാബറേറ്റിങ് യൂണിറ്റായിട്ടും സതേൺ റീജിയണൽ ഡയഗണോസ്റ്റിക് ലബോറട്ടറിയുടെ നോഡൽ ഓഫീസായിട്ടും ഈ സ്ഥാപനം പ്രവർത്തിക്കുന്നു. പേവിഷബാധ നിർണ്ണയ ലബോറട്ടറി, വൈറൽ രോഗ സ്ഥിരീകരണത്തിനുള്ള സെൽകൾച്ചർ ലബോറട്ടറി, മോളിക്കുലാർ ബയോളജി ലബോറട്ടറി, റെസിഡ്യൂ അനലിറ്റിക്കൽ ലബോറട്ടറി, ബയോസേഫ്റ്റി ലെവൽ II സംവിധാനമുള്ള

| | | | |
|---|---|---|---|
| | | | മൈക്രോബയോളജി ലബോറട്ടറി, കാൻസർ രോഗ നിർണ്ണയത്തിനുള്ള ഓങ്കോളജി ലബോറട്ടറി മുതലായ രോഗ നിർണ്ണയ വിഭാഗങ്ങൾ ഈ സ്ഥാപനത്തിന് കീഴിൽ പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ